സസ്പെൻഡ് ചെയ്തതായിട്ടുമുള്ള പത്രവാർത്തകളും ഈ നിയമ സഭയിൽത്തന്നെ ചർച്ച ചെയ്തിട്ടുള്ളതാണ്. ഇപ്പോഴും ഈ നേതാക്കൻമാരുടെയും സബ് രജിസ്ട്രാറുംപ്പെടെയുള്ളവരുടെയും പേരിലുള്ള സസ്പെൻഷൻ നടപടികളും പിൻവലിച്ചതായി പത്രവാർത്തകളും കാണുകയുണ്ടായി. ആ നേതാക്കൻമാർ കൃത്രിമ രേഖകളുണ്ടാക്കുന്നതിൽ ഉൾപ്പെട്ടിരുന്നില്ലെന്നാണോ ഇതിന്റെ അർത്ഥം? അതോ ആ രേഖയുടെ അടിസ്ഥാനത്തിൽ വനഭൂമി കൈമാറാം ചെയ്യാൻ വേണ്ട നിർദ്ദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിലാണോ? എന്തു കാരണത്താലാണ് ഇതിന്റെ പേരിലുള്ള ശിക്ഷാനടപടി പിൻവലിച്ചതെന്ന് പറയാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ആ സബ് രജിസ്ട്രാറുടെ പേരിലുള്ള ശിക്ഷാനടപടി പിൻവലിച്ചിട്ടില്ലെന്നു മാത്രമല്ല അദ്ദേഹം സസ്പെൻഷനിലിരിക്കേതന്നെ സർവ്വീസിൽനിന്നു റിട്ടയർചെയ്തു കഴിഞ്ഞു. എന്നു മാത്രമല്ല ആ കേസ് അന്വേഷണം നടത്തി അദ്ദേഹത്തിന്റെ പേരിൽ മറ്റു നടപടികളും സ്വീകരിച്ചിട്ടുണ്ട്. മറ്റേ കാര്യം സംഘടനാപരമായ ഒരു കാര്യമാണ്. ഒരു കാര്യം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഈ സഭയിലിരിക്കുന്ന വ്യത്യസ്ത കക്ഷിയിലുള്ളവരെല്ലാം ഈ സംസ്ഥാനം ഭരിച്ചിരുന്നവരാണ്. അവരുടെ ഭരണകാലത്തും വനഭൂമി കയ്യേറ്റം തുടങ്ങിയവ ഈ സംസ്ഥാനത്തു നടന്നിട്ടുണ്ട്. പക്ഷേ ഒരു കൃത്രിമ രേഖയുണ്ടായതിന്റെ പേരിൽ, അത് അവർ അറിഞ്ഞിട്ടുള്ള രേഖയാണോ അറിയാതെയുള്ള രേഖയാണോയെന്നുപോലും അറിയില്ല, ഒരു പാർട്ടിയുടെ മെമ്പർമാരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചു ആദ്യമായി മാതൃക കാണിച്ചിട്ടുള്ളത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സാണ് എന്ന കാര്യം അഭിമാനത്തോടുകൂടി ഞാൻ പറയുന്നു.

II. അടിയന്തിര പ്രമേയം

റിപ്പബ്ലിക് ദിനം ബഹിഷ്കരിക്കണമെന്ന ബാബറി മസ്ജിദ് സമ്മേളനത്തിന്റെ ആഹ്വാനം

മി. സ്പീക്കർ: റിപ്പബ്ലിക് ദിനാഘോഷം ബഹിഷ്കരിക്കണമെന്ന് അഖിലേന്ത്യാ ബാബറി മസ്ജിദ് സമ്മേളനത്തിന്റെ ആഹ്വാനം മൂലം നമ്മുടെ സംസ്ഥാനത്ത് ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് ചർച്ച ചെയ്യാൻ ഇന്നു നിയമ സഭാ നടപടികളും നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. ഇ. കെ. നായനാർ, കെ. പി. പ്രഭാകരൻ, എ. സി. ഷൺമുഖദാസ്, ആർ. എസ്. ഉണ്ണി, കെ. ചന്ദ്രശേഖരൻ, ലോനപ്പൻ നമ്പാടൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബാബറി മസ്ജിദ് സമ്മേളനം എടുത്തിട്ടുള്ള തീരുമാനങ്ങളെ സംബന്ധിച്ച് ഔദ്യോഗികമായി സംസ്ഥാന ഗവൺമെന്റിന് യാതൊരു വിവരവുമില്ല. എന്നാൽ പത്രവാർത്തകളും അതേപടി സ്വീകരിച്ച് ഏതെങ്കിലും വിധത്തിൽ അഭിപ്രായം പറയുന്നതിനോട് ഞാൻ യോജിക്കുന്ന ആളല്ല. അതു സംബന്ധിച്ച് ഒരു അടിയന്തിര പ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്. സ്വാതന്ത്ര്യദിനവും റിപ്പബ്ലിക് ദിനവും ഇന്ത്യയിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും പരിപാവനമായ ഒന്നാണ്. അതേയവസരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനപരമായി, മൗലികമായി രാജ്യത്തിന്റെ സ്നേഹസമ്പന്നമായ ഒരു സ്ഥിതി വിശേഷത്തിന്റെ ഏതാണ്ടൊരു സൂചന കൂടിയാണ്. ആ നിലയിൽ ഈ രണ്ടു ദിനങ്ങളും ആചരിക്കുന്നതിനോട് ഏതെങ്കിലും വിധത്തിൽ ബഹുമാനമില്ലാതെ ആരെങ്കിലും എന്തെങ്കിലും നിലപാട് സ്വീകരിക്കുന്നത് ഖേദകരമാണെന്ന് മാത്രമല്ല, ലജ്ജാവഹമാണ്, അങ്ങേയറ്റം ആക്ഷേപകരമാണ്. എന്നാൽ ഈ തീരുമാനം സംബന്ധിച്ച് ഈ സംസ്ഥാനത്തു എന്തെങ്കിലും പ്രത്യേക സാഹചര്യം ഉണ്ടായതായി ഞാൻ മനസ്സിലാക്കുന്നില്ല. ഭരണകക്ഷിയിൽപ്പെട്ട എല്ലാ ആളുകളുമായിട്ടും ഞാൻ ഇക്കാര്യം സംസാരിച്ചു. അവരാരും ആ തീരുമാനത്തോട് അനുകൂലിക്കുന്നില്ല. ആ സമ്മേളനത്തിൽ പങ്കെടുത്തതായി, പത്രങ്ങളിൽ വന്ന വാർത്ത ശരിയാണെങ്കിൽ, പല പാർട്ടിയിലും പെട്ട നേതാക്കൻമാരുടെ പേരുകളും ഞാൻ അതിൽ കാണുകയുണ്ടായി. ആ പേരുകളെല്ലാം ശരിയാണെങ്കിൽ പ്രതിപക്ഷത്തിനാണ് ഏറ്റവും അതിൽ ഉത്കണ്ഠ ഉണ്ടാകേണ്ടത്. ബഹുമാനപ്പെട്ട ശ്രീ: കെ. ചന്ദ്രശേഖരന്റെ നേതാവായ മി. ഷിഹാബുദ്ദീൻ ജനതാപാർട്ടിയുടെ നേതാവാണ്. പാർലമെന്റു മെമ്പറാണ്. അദ്ദേഹവും ഇതിൽ പങ്കെടുത്തിട്ടുണ്ട്, ബഹുമാനപ്പെട്ട ചന്ദ്രശേഖരന്റെ പാർട്ടി അത് ഉൾക്കൊള്ളുന്നുണ്ടോ?

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഇല്ലേ ഇല്ല.

ശ്രീ. കെ. കരുണാകരൻ: സർ, എന്നാൽ അത്, ഇപ്പുറത്തിരിക്കുന്ന എല്ലാവർക്കും ബാധകമാണ്. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം. ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഈ നിലപാട് സ്വീകരിക്കുന്നവർ എവിടെയുള്ളവർ ആയാലും ശരി, അവരോട് ജനങ്ങൾ പൊറുക്കുകയില്ല. അവർക്ക് മാപ്പു കൊടുക്കുകയില്ല. ജാതിയോ മതമോ പ്രദേശമോ ഒന്നും തന്നെ വ്യത്യാസമില്ല. രാഷ്ട്രീയ പ്രധാനമായ മൗലികമായ രണ്ടു ദിവസങ്ങളാണ് സ്വാതന്ത്ര്യദിനവും റിപ്പബ്ലിക് ഡേയും. ഇതിന് പ്രാധാന്യം കാണാത്ത ആളുകൾ ഈ രാജ്യത്തു ഇല്ല എന്നു ഞാൻ പറയുന്നില്ല. രാഷ്ട്രീയ പാർട്ടി ഇല്ല എന്നു ഞാൻ പറയുന്നില്ല. ഈ സയേക്കത്തുതന്നെ റിപ്പബ്ലിക് ദിനവും സ്വാതന്ത്ര്യ ദിനവും ബഹിഷ്കരിച്ചവർ ഉണ്ട് എന്നുള്ള കാര്യം എല്ലാവർക്കും അറിയാം. ഞാൻ ആ പ്രശ്നത്തിലേക്കൊന്നും ഇപ്പോൾ കടക്കുന്നില്ല. എന്നാൽ റിപ്പബ്ലിക് ദിനവും സ്വാതന്ത്ര്യദിനവും ബഹിഷ്കരിക്കാനുള്ള തീരുമാനം എടുക്കുന്ന ആളുകൾ ഈ രാജ്യത്തെ പൗരൻമാരാണെന്ന്, അവകാശപ്പെടാൻ അർഹതയില്ലാത്തവരാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ഭരണകക്ഷിയിൽപ്പെടുന്നവരാരും ഇന്നുവരെ ആ നിലപാട് സ്വീകരിച്ചിട്ടില്ല. നാളെ സ്വീകരിക്കുകയുമില്ല എന്നുള്ള കാര്യത്തിൽ എനിക്ക് സംശയമില്ല. അങ്ങനെയൊരു നിലപാട് സ്വീകരിക്കുന്ന ഒരു കാലമുണ്ടാകുമ്പോൾ ആ കാലഘട്ടത്തിനനുസരിച്ച്, ആ കാലഘട്ടത്തിന് അനുയോജ്യമായ തീരുമാനം എടുത്തുകൊള്ളാം.

സർ, ഈ സംസ്ഥാനത്തു ഇന്നു പ്രത്യേകിച്ച് യാതൊരു സ്ഥിതി വിശേഷവുമില്ല. യാതൊരു ഉത്കണ്ഠക്കും അവകാശമില്ല. ഒരു കാര്യം ഈ അവസരത്തിൽ എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ദേവാലയത്തിന്റെയോ മറേതെങ്കിലും ആരാധനാ സ്ഥലത്തിന്റെയോ പേരിൽ പരസ്പരം വിദ്വേഷം ഉണ്ടാക്കുന്ന ഒരു നടപടിയും ഒരു ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ലാത്തതാണ്. അതിനു എല്ലാവരും ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസം കൂടാതെ യോജിച്ച് പ്രവർത്തിക്കണം. ഭാഗ്യവശാൽ ഈ സംസ്ഥാനത്ത് യാതൊരു വിധത്തിലുള്ള ഗുരുതരാവസ്ഥയും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭാ നടപടികളും നിർത്തിവയ്ക്കേണ്ട ഒരു സാഹചര്യം ഉണ്ടായിട്ടില്ല. അതുകൊണ്ട് ഈ അടിയന്തിരപ്രമേയം ചർച്ചയ്ക്ക് എടുക്കണമെന്നുള്ള അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല.

ശ്രീ. ഇ. കെ. നായനാർ: സർ, ഡിസംബർ 22-ാം തീയതി പാസ്സാക്കിയ പ്രമേയത്തെപ്പറ്റി 29-ാം തീയതിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുന്നത്. ഏഴു ദിവസത്തെ പത്രം വായിച്ചിട്ടും ഡൽഹിയിൽ പോയി വന്നിട്ടും ഇത് വസ്തുതയാണെന്ന് മനസ്സിലായിട്ടില്ല. മുഖ്യമന്ത്രി വായനക്കാരൻ അല്ല എന്ന് പല പത്രങ്ങളും എഴുതിയത് ഇപ്പോഴും വസ്തുതയാണെന്നാണ് തോന്നുന്നത്. ഏഴു ദിവസമായിട്ടും ഇത്രയും ഗൗരവമേറിയ ഒരു പ്രശ്നത്തെ സംബന്ധിച്ച് മുഖ്യമന്ത്രി ഡൽഹിയിൽ പോയി അവിടെനിന്നും സ്റ്റേറ്റുമെന്റ് ഇറക്കി തിരിച്ചു വന്നിട്ടും ഇത് വസ്തുതയാണോയെന്ന് ഇപ്പോഴും സംശയത്തിൽ കിടക്കുകയാണ്. അദ്ദേഹത്തിന്റെ സംശയത്തിന് അവസാനമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. മസ്ജിദ് സമ്മേളനം പാസ്സാക്കിയ ഈ പ്രമേയത്തെ സംബന്ധിച്ച് 'ചന്ദ്രിക' റിപ്പോർട്ട് ചെയ്തിട്ടുള്ളത് 25-ാം തീയതിയാണ്. ".....ബാബറി മസ്ജിദ് മുസ്ലീങ്ങൾക്ക് തിരിച്ചു നൽകുന്നതിൽ വരുന്ന കാലതാമസത്തിൽ പ്രതിഷേധിച്ച് അടുത്ത റിപ്പബ്ലിക് ദിനത്തിലെ ആഘോഷ പരിപാടികളും ബഹിഷ്കരിക്കാനും യോഗം തീരുമാനം എടുത്തിട്ടുണ്ട്. ഈ യോഗത്തിൽ പ്രസിഡണ്ട് ഇബ്രാഹിം സുലൈമാൻസേഠ് എം. പി. അദ്ധ്യക്ഷത വഹിച്ചു." 'ചന്ദ്രിക' റിപ്പോർട്ട് ചെയ്തതാണ്.

(പ്രതിപക്ഷ ബഞ്ചുകളിൽനിന്നും ഉച്ചത്തിൽ 'ഷെയിം ഷെയിം' എന്ന് വിളിച്ചുപറഞ്ഞു).

കേരളത്തിലെ എം. പി. അതായത് മലപ്പുറം ജില്ലയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരാളാണ് ഈ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതിനെപ്പറ്റി ഒരു വിവരവും ഉണ്ടാവുകയില്ല. കാരണം ഉറക്കം നടിക്കുന്നവനെ ഉണർത്താൻ കഴിയുകയില്ല. ഉറങ്ങുന്നവനേ ഉണർത്താൻ കഴിയൂ. അദ്ദേഹം ഏതായാലും ഇപ്പോഴെങ്കിലും പറഞ്ഞത് നന്നായി. റിപ്പബ്ലിക് ദിനവും സ്വാതന്ത്ര്യദിനവും ബഹിഷ്കരിക്കുന്ന ആളുകളെ രാജ്യദ്രോഹികളായി കണക്കാക്കും എന്നു പറഞ്ഞത് നന്നായി. 'ഞങ്ങളുടെ ഭരണ കക്ഷിയിൽ ആരുമില്ല' എന്നു പറഞ്ഞത് ഇരട്ടത്താപ്പാണ്. എല്ലാ സംസ്ഥാനങ്ങളിലും കർമ്മ സമിതികളും രൂപീകരിക്കുന്നതിനും ബാബറി മസ്ജിദ് സമ്മേളനം തീരുമാനിച്ചിരിക്കുകയാണ്. ഇത് അഖിലേന്ത്യാ ലീഗിന്റെ ഭാഗമല്ല എന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നു. ഇവിടെ മുസ്ലീം ലീഗ് ഭരണകക്ഷിയിലല്ലേ? അർജ്ജുൻ സിംഗ് പറഞ്ഞു, അഖിലേന്ത്യാ ലീഗിൽനിന്നും വ്യത്യസ്തമാണ് കേരള ലീഗ് എന്ന്. അതിനു മറുപടി കൊടുത്തത് ബഹുമാനപ്പെട്ട ഉമ്മർ ബാഫക്കി തങ്ങളാണ്. "അർജ്ജുൻ സിംഗിനറിയില്ല. ഞങ്ങൾ, കേരള ലീഗ്, അഖിലേന്ത്യാ ലീഗിന്റെ ഭാഗമാണ്. അഖിലേന്ത്യാ ലീഗിന്റെ അദ്ധ്യക്ഷനാണ് സേഠ് സാഹിബ് എം. പി." ശ്രീ. കരുണാകരൻ കൂട്ടിക്കരണം മറിയുന്നതിന്റെ അർത്ഥം ഞങ്ങൾക്ക് മനസ്സിലാവുന്നില്ല. 1987 ജനുവരി 26-ാം തീയതി റിപ്പബ്ലിക് ദിനത്തിൽ മുസ്ലീം സമുദായം പങ്കെടുക്കുകയോ സഹകരിക്കുകയോ ചെയ്യരുത് എന്നാണ് മസ്ജിദ് സമ്മേളനം ആഹ്വാനം ചെയ്തത്. ആ നിലയ്ക്ക് കഴിയുന്ന എല്ലാ സമ്മർദ്ദവും ചെലുത്തണമെന്ന് ഇന്ത്യയിലെ മുസ്ലീങ്ങളോട് നിർദ്ദേശിക്കുന്നതാണ് മസ്ജിദ് സമ്മേളന തീരുമാനം. അതുപോലെ രാഷ്ട്രീയ-സാമൂഹ്യ യോഗങ്ങളും ബഹിഷ്കരിക്കാനും യോഗത്തിൽ തീരുമാനിച്ചി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ട്. കേരളത്തിലെ ഒരു എം. പി. യുടെ അദ്ധ്യക്ഷതയിലാണ് സമ്മേളനം ചേർന്നത്. മുഖ്യമന്ത്രി ഇനിയും ഇത് മനസ്സിലാക്കിയിട്ടില്ല. മനസ്സിലാക്കുകയുമില്ല. ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ അഖിലേന്ത്യാ പ്രസിഡണ്ടുകൂടിയാണ് അദ്ദേഹം. പ്രത്യക്ഷത്തിൽത്തന്നെ ഈ നടപടി ദേശീയ വിരുദ്ധമാണെന്ന് - മുഖ്യമന്ത്രി പറഞ്ഞത് നല്ലത്. ഇപ്പോഴെങ്കിലും പറഞ്ഞല്ലോ ദേശീയവിരുദ്ധമാണെന്ന്. നാളെ പറയുകയില്ല, ദേശീയ അനുകൂലമാണെന്ന്. അധികാരത്തിൽ അള്ളിപ്പിടിച്ചിരിക്കാൻവേണ്ടി ശ്രീ. കെ. കരുണാകരൻ എന്തു കൂട്ടിക്കരണവും മറിയുമെന്ന് നമുക്കറിയാം. ശിഥിലീകരണ ശക്തികളും, വർഗ്ഗീയ ശക്തികളും ഇന്ത്യയിൽ വളർന്നുവന്നിട്ടുള്ള ഈ കാലഘട്ടത്തിൽ ഇത്തരമൊരു മുദ്രാവാക്യം രാജ്യത്തിന് കൂടുതൽ ആപത്തു വരുത്തിവയ്ക്കും. ഉത്തർപ്രദേശിൽ വർഗ്ഗീയലഹള നടക്കുമ്പോഴും, പഞ്ചാബിൽ ഖാലിസ്ഥാനുവേണ്ടി കലാപം നടക്കുമ്പോഴും, കൊലപാതകം നടക്കുമ്പോഴും, ആസ്സാമിലും, മിസ്സോറാമിലും കലാപം നടക്കുമ്പോഴും, ബംഗാളിൽ ഒരു ഭാഗത്തു കലാപം നടക്കുമ്പോഴും ഇത്തരം കലാപങ്ങളെ ഇളക്കി വിടാനുള്ള ശക്തികൾക്ക് ശ്രീ. കരുണാകരൻ പൂർണ്ണമായും പിൻതുണ നൽകുകയാണ് ചെയ്യുന്നത്. മുസ്ലീം ലീഗിന്റെ അച്ചാരം കരുണാകരൻ വാങ്ങിയിട്ടുണ്ടോ, ഇല്ല. സോ ഇതു സംബന്ധിച്ച് എന്തെങ്കിലും മിണ്ടിയോ? ഇന്നലത്തെ മാതൃഭൂമിയിൽ പറയുന്നത് എന്താണ്? "സുലൈമാൻ സോനിന് ഇതിൽ എത്രത്തോളം പങ്കുണ്ടെന്ന് തനിക്ക് എങ്ങനെ മനസ്സിലാകുമെന്ന്" മുഖ്യമന്ത്രി പറഞ്ഞു" പത്രം റിപ്പോർട്ടു ചെയ്തതാണ്. അദ്ധ്യക്ഷത വഹിച്ച് പ്രമേയം പാസ്സാക്കിയ ആളാണ് സോ. അദ്ദേഹത്തിന് ഇതിൽ എത്രത്തോളം പങ്കുണ്ടെന്ന് തനിക്ക് മനസ്സിലായിട്ടില്ല എന്ന് കരുണാകരൻ പറയുന്നു. നിങ്ങൾക്ക് മനസ്സിലാകുകയില്ല. നിങ്ങൾ ഈ രാജ്യം തകർത്തതിനു ശേഷം മാത്രമേ മനസ്സിലാവുകയുള്ളൂ. അതുപോലെതന്നെ ഇവിടെ ഒരു ഘടകകക്ഷി റിപ്പബ്ലിക് ദിനാചരണത്തെ ചോദ്യം ചെയ്യുന്നു. 'ഇന്ത്യയിൽ മുസ്ലീങ്ങൾ പീഡിപ്പിക്കപ്പെടുന്നു' എന്നു പാക്കിസ്ഥാനിൽ പോയി ആരോപണം ഉന്നയിച്ച സ്റ്റേറ്റിന്റെ അദ്ധ്യക്ഷതയിലാണ് ഈ സമ്മേളനം പ്രമേയം പാസ്സാക്കിയിട്ടുള്ളത്. ഇതിൽത്തന്നെ പറയുന്നത് 'അന്യർ' കൈയിലാക്കി എന്നാണ്. '1949-ൽ 'അന്യർ' കൈയിലാക്കി' എന്നാണ് മസ്ജിദിന്റെ സമ്മേളനം പാസ്സാക്കിയിട്ടുള്ള പ്രമേയത്തിൽ പറയുന്നത്. 'അന്യർ' എന്നു പറഞ്ഞാൽ ആരാണ്? 'അതാണ്' എന്റെ ചോദ്യം. 'അന്യർ' എന്നു പറഞ്ഞാൽ ഇന്ത്യക്കാരാണോ പാക്കിസ്ഥാൻകാരാണോ? 'അന്യർ' എന്നാണ് പാസ്സാക്കിയ റസലൂഷനിൽ പറഞ്ഞിട്ടുള്ളത്. 'അന്യർ' എന്നു പറഞ്ഞാൽ ഇൻഡ്യാക്കാരെപ്പറ്റിയാണ്. 'ഇൻഡ്യൻ സഹോദരൻമാർ' എന്നല്ല പറഞ്ഞത്. ശ്രീ. കരുണാകരൻ ഇത് വായിച്ചിട്ടുണ്ടാവുകയില്ല. വായിക്കുകയും ഇല്ലല്ലോ. പിന്നെ എങ്ങനെ മനസ്സിലാകും? ഈ തരത്തിൽ 'അന്യർ' എന്നു പറഞ്ഞത് തീർച്ചയായിട്ടും തെറ്റാണ്. 'ഇൻഡ്യൻ സഹോദരൻമാർ' എന്നാണ് പറയേണ്ടത്. ഇവിടെ പറഞ്ഞത് അന്യർ കൈയിലാക്കി എന്നാണ്. 'ഹിന്ദുക്കളെപ്പറ്റിയാണ് അന്യർ കൈയിലാക്കി എന്നു പറഞ്ഞത്. ഇത് തെറ്റാണ്. ഈ തരത്തിൽ വർഗ്ഗീയ വികാരം ഇളക്കിവിടാൻ പാടുണ്ടോ? ഇതൊക്കെ തെറ്റാണെന്ന് എത്രയോ തവണ ഞങ്ങൾ പറഞ്ഞിട്ടുണ്ട്. ആസ്സാമിലും പഞ്ചാബിലും ത്രിപുരയിലുമെല്ലാം വർഗ്ഗീയ വികാരം ആളിക്കത്തുകയാണ്. ഈ വികാരം ഇന്ത്യയിൽ ആകമാനം ആളിക്കത്തിക്കാൻ ഉതകുന്നതാണ് ഈ റിപ്പബ്ലിക്ദിന ബഹിഷ്കരണം എന്ന പ്രമേയം മൂലം ഉണ്ടാകാൻ പോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഒന്നു ചോദിക്കട്ടെ! ഈ വർഷത്തിന്റെ തുടക്കത്തിൽ ഇവിടെ കുറ്റവാളികളായ രണ്ടുപേർ വിസയില്ലാതെ വരികയുണ്ടായി. അതിന് ബഹുമാനപ്പെട്ട കരുണാകരൻ നേതൃത്വം കൊടുത്തു. അവരെയുംകൊണ്ട് ദേശീയ പതാക പറപ്പിച്ച കാറിൽ യാത്രചെയ്തു. എന്നിട്ടാണോ റിപ്പബ്ലിക്ദിനം ബഹിഷ്കരിക്കാൻ പോകുന്നത്? അതിനൊക്കെ നേതൃത്വം കൊടുത്ത നേതാവാണ് നമ്മുടെ മുഖ്യമന്ത്രി. ഈ വർഷം കഴിയാറായി. ഈ മന്ത്രിമാർ ഇവിടെ ദേശീയവിരുദ്ധ നിലപാടാണ് സ്വീകരിച്ചത്. ഈ നയം സ്വീകരിച്ച ഷിഹാബുദ്ദീനെ ജനതാപാർട്ടി അംഗീകരിക്കുന്നില്ല. ശരിയത്തിന്റെ പ്രശ്നത്തിൽ ഷിഹാബുദ്ദീൻ നിങ്ങളുടെ കൂടെയാണ് എന്ന് ഞാൻ പറയുന്നു. അതുകൊണ്ടാണ് ശ്രീ. അഹമ്മദാലിഖാൻ പറയുന്നത്, ഇത് തെറ്റാണ്, ഇൻഡ്യയിലെ മുഴുവൻ മുസ്ലീം ജനങ്ങളെയും ഇതിനെതിരായിട്ട് അണിനിരത്തുന്നതിനുവേണ്ടി ഞാൻ കേരളത്തിൽ വരാൻപോകുന്നുവെന്ന്. അദ്ദേഹത്തിന്റെ ഒരു പ്രസ്താവനയിൽ ഇങ്ങനെ പറഞ്ഞിരിക്കുകയാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഇതൊരു ഗൗരവമേറിയ കാര്യമാണെന്ന്. കേരളത്തിൽ പ്രത്യേകിച്ചും വർഗ്ഗീയ വികാരം ആളിക്കത്തിച്ച് 1922-ൽ തിരുവനന്തപുരത്ത് വർഗ്ഗീയ കലാപം സൃഷ്ടിച്ചതടക്കം സമാധാനം നിലനിറുത്തുവാൻ കഴിയാത്ത പരാജയപ്പെട്ട ഒരു ഗവൺമെൻറാണിത്. ആ ഗവൺമെൻറ് വീണ്ടും അതിനെ ആളിക്കത്തിക്കുവാൻ, തന്റെ ഭരണകക്ഷികളെ ന്യായീകരിക്കാൻ, സോവിനെ ന്യായീകരിച്ച് ഈ രാജ്യത്ത് റിപ്പബ്ലിക്ദിനം ബഹിഷ്കരിക്കുവാൻ പോകുന്നത് വളരെ തെറ്റാണ്. അതേസമയം ഞങ്ങൾ 1947-ൽ സ്വാതന്ത്ര്യദിനം ബഹിഷ്കരിച്ചു. ഇതൊരു രാഷ്ട്രീയപാർട്ടിയാണ്, ഞങ്ങൾക്ക് അതിനവകാശമുണ്ട്; ഒരു രാഷ്ട്രീയപാർട്ടിക്ക് അതിനുള്ള അവകാശമുണ്ട്.....
.....(ബഹളം).....
മതമൗലികവാദികളും ഈ രാജ്യത്ത് ലഹളയുണ്ടാക്കുവാൻ ശ്രമിക്കുകയാണ്. അതാണിവിടെ ഇപ്പോൾ കാണുന്നതും. അതാണ് വ്യത്യാസം. ഇതാണ് രാജ്യദ്രോഹം.....(ബഹളം).....
രാജ്യദ്രോഹികളും അവിടെ ഇരിക്കുന്നവരാണ്. അതുകൊണ്ട് ഞാൻ പറയുന്നത് ഇതിനെക്കുറിച്ച് ചർച്ചചെയ്യാൻ അനുമതി നൽകണമെന്നാണ്. ഇൻഡ്യാരാജ്യത്തിലും കേരളത്തിലും ആളിക്കത്താൻപോകുന്ന, വരുന്ന തിരഞ്ഞെടുപ്പിനെ ഉന്നം കണ്ടുകൊണ്ട് ഈ രാജ്യത്തെ മുഖ്യമന്ത്രിയടക്കം അതിന് ചൂട്ടുപിടിക്കുന്ന ഈ രാഷ്ട്രീയ പ്രശ്നം, സഭാനടപടികളും നിറുത്തിവച്ച് ചർച്ചചെയ്യണം.....
.....(ബഹളം).....

10 A. M.]

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, ബഹുമാനപ്പെട്ട നായനാർ, ഇന്ന് ഇവിടെ പറയാൻ അവകാശമില്ലാത്ത കാര്യമാണ് ഇവിടെ ഉന്നയിച്ചത് എന്നുള്ള പരാതി ഞാൻ ആദ്യമായി ബോധിപ്പിക്കുകയാണ്. മുസ്ലീംലീഗിന്റെ നയം 1947 മുതൽ ഇന്നുവരെ
..... (ബഹളം) .....
1947-മുതൽ ഇൻഡ്യൻ മുസ്ലീംലീഗിന്റെ നയം ഇൻഡ്യയിലെ ല്ലാവർക്കും അറിയാവുന്നതാണ്. ഏതെങ്കിലുമൊരു ദേശീയദിനം, ഏതെങ്കിലും ഒരവസരത്തിൽ ബഹിഷ്കരിക്കുകയോ, അവഹേളിക്കുകയോ, അനാദരിക്കുകയോ ചെയ്യാനുള്ള തീരുമാനം ഇതുവരെ

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗിൽനിന്നുമുണ്ടായിട്ടില്ല. ഞങ്ങളുടെ നയവുമതല്ല. മേലിലും അങ്ങനെതന്നെ തുടരണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

സേട്ട് സാഹിബിന്റെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിലല്ല ഇവിടെ പറഞ്ഞ പ്രമേയം പാസ്സാക്കിയത്. പല സെഷനായിട്ടാണ് അവിടെ യോഗം നടന്നത്.....(ബഹളം)..... ആദ്യത്തെ ഇനാഗുറൽ യോഗത്തിൽ സേട്ട് സാഹിബ് അദ്ധ്യക്ഷനായിരുന്നു. പിന്നീടുള്ള യോഗങ്ങളിൽ മറ്റുപലരുമായിരുന്നു അദ്ധ്യക്ഷനായിരുന്നത്. എന്നാൽ മറ്റൊരു യോഗത്തിലാണ് ഈ പ്രമേയം പാസ്സാക്കിയത്. അതിനെ സംബന്ധിച്ച് പത്രക്കാരോടും മറ്റും വിവരിച്ചത്, ഷിഹാബുദ്ദീൻ എം. പി. യും മറ്റുചില നേതാക്കൻമാരുമായിരുന്നു. ആ യോഗങ്ങളിലൊന്നും സേട്ട് സാഹിബ് ഇല്ലായിരുന്നു. ഏതായാലും ഇത് ബാബറി മസ്ജിദ് കമ്മിറ്റിയുടെ ഒരു തീരുമാനമാണ്, ഇത് ഇൻഡ്യൻ യൂണിയൻ എല്ലാ മുസ്ലീം ലീഗിനും ബാധകമല്ല. ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗിന്റെ ദേശീയ കൗൺസിൽ അങ്ങനെയൊരു തീരുമാനം എടുത്തിട്ടില്ല. അതുകൊണ്ട് ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗിനെ സംബന്ധിച്ചിടത്തോളം, ഞങ്ങളെ സംബന്ധിച്ചിടത്തോളം റിപ്പബ്ലിക്, ദിനം ബഹിഷ്ക്കരിക്കുന്ന പ്രശ്നമേയില്ലെന്ന കാര്യം ഞാൻ വ്യക്തമാക്കുകയാണ്. 1947-ൽ സ്വാതന്ത്ര്യദിനം ബഹിഷ്ക്കരിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട നായനാർ ഇവിടെ സമ്മതിച്ചു. രാഷ്ട്രീയ പാർട്ടികൾക്ക് അങ്ങനെ ബഹിഷ്ക്കരിക്കാമെന്നുണ്ടോ? അത് അവഹേളിക്കലാണ്. നിങ്ങൾചെയ്ത തെറ്റ് ഞങ്ങൾ ചെയ്തു എന്ന് ആവർത്തിച്ചതുകൊണ്ട് അതില്ലാതാകുന്നില്ല എന്നുമാത്രമേ എനിക്കു പറയാനുള്ളൂ.

ശ്രീ. ബേബി ജോൺ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഗവൺമെന്റിനുവേണ്ടി ആർക്കുവേണമെങ്കിലും മറുപടി പറയാം. പക്ഷെ ഒരു മന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞാൽ പിന്നീട് വേറൊരു മന്ത്രി മറുപടി പറയുന്നത് ശരിയല്ല..... (ബഹളം)..... അങ്ങനെയാണെങ്കിൽ ഞങ്ങൾക്കെല്ലാവർക്കും സംസാരിക്കുവാനുള്ള അവസരം നൽകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്ഥാനേതാവുകൂടിയാണ്. അതുകൊണ്ട് അദ്ദേഹത്തിനു മറുപടി പറയാം.....(ബഹളം).....

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഈ സഭയിൽത്തന്നെ ഇതുപോലുള്ള കീഴ്വഴക്കപ്രകാരം ഒന്നിലധികം മന്ത്രിമാർ സംസാരിച്ചിട്ടുണ്ട്.

മി. സ്പീക്കർ: എല്ലാവരുംകൂടി ഇങ്ങനെ പറഞ്ഞതുകൊണ്ട് പ്രശ്നം തീരുമോ?

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, റൂളിംഗിനുമുമ്പ് ഞങ്ങൾ പറയുന്നതും കേൾക്കണം. ഇക്കാര്യത്തിൽ അനുമതി നൽകുമോ ഇല്ലയോയെന്ന് അങ്ങ് തീരുമാനിക്കുന്നതിനുമുമ്പ് അവിടെനിന്ന് രണ്ടുപേരുടെ മറുപടി കേൾക്കുമെങ്കിൽ ഞങ്ങൾ പറയുന്നതും കേൾക്കണം; അതുംകൂടി കേട്ടിട്ടേ അഭിപ്രായം പറയാവൂ.....
.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ബേബി ജോൺ ഒരു പ്രശ്നം ഉന്നയിച്ചു. അതിന് മറുപടി പറയും.....
.....(ബഹളം).....

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട ബേബിജോൺ ഇവിടെ ഉന്നയിച്ച കാര്യത്തോട് ഞാൻ യോജിച്ചുകൊണ്ട് രണ്ടുവാക്ക് പറയുകയാണ്. .....(ബഹളം).....
കേരള നിയമസഭയിലെ ഒൻപതാം ചാപ്റ്ററിലെ അൻപതുമുതൽ അൻപത്തിയേഴുവരെയുള്ള പ്രൊവിഷൻസ് നോക്കുമ്പോൾ, Minister concerned-നു മാത്രമേ പ്രസക്തിയുള്ളു. ആ Minister concerned ഇവിടെ ആദ്യം മറുപടി പറഞ്ഞുകഴിഞ്ഞു. ആ Minister concerned-ന് വേണമെങ്കിൽ രണ്ടാമത് മറുപടി പറയാം. ആ Minister concerned ഇവിടെ ചീഫ് മിനിസ്റ്ററാണ്. അദ്ദേഹം ഇവിടെ മറുപടി പറഞ്ഞു. അതിനുശേഷം ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയും ഗവൺമെൻറിനുവേണ്ടി മറുപടി പറഞ്ഞു. അങ്ങനെ ഉപമുഖ്യമന്ത്രി മറുപടി പറയുകയാണെങ്കിൽ മുഖ്യമന്ത്രിക്ക് മറുപടി പറയാനുള്ള അധികാരമില്ല. അതല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മറുപടി പറഞ്ഞേതീരൂ എന്നാണെങ്കിൽ ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി പറഞ്ഞ വാക്കുകൾ എല്ലാം സഭാനടപടികളിൽനിന്ന് മാറണം.....
.....(ബഹളം).....

ശ്രീ. ബേബി ജോൺ: അങ്ങ് ഒരുപക്ഷേ ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ടായിരിക്കാം ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിക്ക് സംസാരിക്കുവാൻ അനുവാദം കൊടുത്തത്. അങ്ങനെയാണെങ്കിൽ അതിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട്, ഞങ്ങൾക്കെല്ലാവർക്കും ഇതിനെക്കുറിച്ച് സംസാരിക്കുവാനുള്ള അവസരം നൽകണം.....(ബഹളം).....

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, എന്റെ പാർട്ടിയെ സംബന്ധിച്ച കാര്യമായതുകൊണ്ടാണ് ഞാൻ ഇതിനെക്കുറിച്ച് സംസാരിച്ചത്.....(ബഹളം).....

ശ്രീ. ബേബി ജോൺ: സർ, എന്റെ പാർട്ടിക്കുവേണ്ടി സംസാരിക്കുവാൻ എനിക്ക് അവസരം നൽകണം.....(ബഹളം).....

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, എന്റെ പാർട്ടിയുടെ അഭിപ്രായം പറയാനുള്ള അവസരം എനിക്ക് നൽകണം. ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗിന് കൊടുത്ത അവകാശം ഞങ്ങളുടെ പാർട്ടിക്കും തരണം.....(ബഹളം).....

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഒരു പ്രൊസീഡ്യുവർ ഞാൻ പറയാം. ഗവൺമെൻറിനുവേണ്ടി ഒരു മിനിസ്റ്റർ മറുപടി പറഞ്ഞാലും എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അത് പൂർത്തീകരിക്കുവാൻ മുഖ്യമന്ത്രിക്ക് അവകാശമുണ്ട്. ആ അവകാശം ആർക്കും നിഷേധിക്കുവാൻ ഒക്കുകില്ല. അതുകൊണ്ട് ഗവൺമെൻറിനുവേണ്ടി അന്തിമമായി പറയാനുള്ള അവകാശം മുഖ്യമന്ത്രിക്ക് ഉണ്ട്.....
.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഇവിടെ ചില നടപടിക്രമങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഗവൺമെൻറിനുവേണ്ടി ഏത് മന്ത്രിക്കും മറുപടി പറയാമെന്നുള്ളത് ഇവിടെ അംഗീകരിച്ചിട്ടുള്ള പാർലമെൻററി നടപടിയാണ്. അങ്ങനെ മറുപടി പറഞ്ഞു കഴിഞ്ഞാൽ അത് സപ്ലിമെൻറു ചെയ്യാനും മറ്റു മന്ത്രിമാർക്ക് അവകാശമുള്ളതാണ്. അതൊരു നടപടിക്രമമാണ്. അതുകൊണ്ട് ഇതിനകത്ത് യാതൊരപാകതയുമില്ല.....(ബഹളം)..... ഈ പാർലമെൻററി നടപടികളൊന്നും പുതിയ കാര്യമല്ല. It is an accepted practice.....(ബഹളം).....

ശ്രീ. കെ. കരുണാകരൻ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ച വാദഗതികളൊക്കെ ഇതിനകത്തന്നെ അടിസ്ഥാന രഹിതമാണെന്ന് വ്യക്തമായിട്ടുണ്ട്. ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന് ഇക്കാര്യത്തിൽ പങ്കുണ്ടെന്ന അർത്ഥത്തിൽ വ്യാഖ്യാനിച്ചുവെങ്കിൽ, 'ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗിന് ഇതിൽ പങ്കില്ല, ഈ തീരുമാനത്തിൽ ഞങ്ങൾക്ക് യാതൊരു ബാദ്ധ്യതയുമില്ല.' എന്ന് ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗിൻെറ കേരള സംസ്ഥാന നേതാവ് വളരെ വ്യക്തമായി പറഞ്ഞുകഴിഞ്ഞു. ഷിഹാബുദ്ദീൻ പങ്കെടുത്ത യോഗത്തിൻെറ തീരുമാനം, ശ്രീ. ചന്ദ്രശേഖരൻെറ ജനതാപാർട്ടിക്ക് ബാധകമല്ലെന്ന് ശ്രീ. ചന്ദ്രശേഖരൻ പറഞ്ഞാൽ അത് അംഗീകരിക്കാമെന്നും നഹാസാഹിബ് പറഞ്ഞാൽ അംഗീകരിക്കാൻ പാടില്ലെന്നുമുള്ള നിങ്ങളുടെ ഇരട്ടത്താപ്പുനയമാണ് നിങ്ങളെ ഇവിടെകൊണ്ടെത്തിച്ചത്.

സർ, സ്വാതന്ത്ര്യം ലഭിച്ച 1947 ആഗസ്റ്റ് 15-ാം തീയതി തൃശ്ശൂർ തേക്കിൻകാട് മൈതാനത്തിൽ ഞങ്ങൾക്കെതിരായി കരിങ്കൊടി പിടിച്ചവരാണ് കമ്മ്യൂണിസ്റ്റുകാർ. 1950-ലെ റിപ്പബ്ലിക് ദിനത്തിൽത്തന്നെ കമ്മ്യൂണിസ്റ്റുകാർ റിപ്പബ്ലിക് ദിനത്തെ ബഹിഷ്ക്കരിച്ചു. സർദാർ ഗോപാലകൃഷ്ണനെ സൃഷ്ടിച്ചവരാണ് അപ്പുറത്തിരിക്കുന്നവർ. ഇവർ രാജ്യസ്നേഹത്തെക്കുറിച്ച് പറയുന്നത് ചെകുത്താൻ വേദമുപദേശിക്കുന്നതുപോലെയാണ്. സർ, ഒരുകാര്യം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഈ സംസ്ഥാനത്ത് റിപ്പബ്ലിക് ദിനമായാലും ശരി സ്വാതന്ത്ര്യദിനമായാലും ശരി അതിനെതിരായി ഒരു സമുദായത്തിൻെറ പേരിലോ ഒരു മതത്തിൻെറ പേരിലോ ഏതെങ്കിലും സ്ഥാപനത്തിൻെറ പേരിലോ ആരെങ്കിലും വിരലുയർത്തിയാൽ അതിനെ അടിച്ചു വീഴ്ത്താനുള്ള കഴിവ് ഈ കേരളത്തിലെ ജനങ്ങൾക്കുണ്ട് എന്നുമാത്രമല്ല അതിനെതിരായ ശക്തമായ നടപടി ഈ ഗവൺമെൻറ് സ്വീകരിക്കുകയും ചെയ്യും. ഇത്തരം കഴമ്പില്ലാത്ത വാദഗതികളുമായി വരേണ്ട ഒരു ഗതികേടിലേക്കു വന്ന പ്രതിപക്ഷത്തോട് സഹതപിച്ചുകൊണ്ട് ഇത് സഭ നിറുത്തിവച്ച് അടിയന്തിരമായി ചർച്ചചെയ്യേണ്ടതില്ലെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഉപമുഖ്യമന്ത്രിയുടെയും വിശദീകരണത്തിൻെറ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിനുള്ള അനുമതി നിഷേധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: പാർട്ടിയെ നിരോധിച്ച ഘട്ടത്തിൽ കരിങ്കാലികൾക്കെതിരായി ഞങ്ങൾ കരിങ്കൊടി പിടിച്ചു ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ കൂടെ ഇരുത്തി രാജ്യദ്രോഹം നടത്തുന്നു ഇപ്പോഴും വിഘടനശക്തികൾക്ക് പൂർണ്ണമായ പ്രോൽസാഹനം നൽകുന്നു.

ശ്രീ. കെ. കരുണാകരൻ: സ്വാതന്ത്ര്യദിനത്തിൽ പങ്കെടുത്തവരെ ഒറ്റിക്കൊടുത്ത നിങ്ങളാണോ ദേശാഭിമാനികൾ?

ശ്രീ. ഇ. കെ. നായനാർ: പാർട്ടിയെ നിരാകരിച്ച ഘട്ടത്തിൽ ഞങ്ങൾ കരിങ്കാലികൾക്കെതിരായി കരിങ്കൊടി പിടിച്ചു. അത് ശരിയാണ്. ഈ ചർച്ച അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ഇ. കെ. നായനാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടിറങ്ങിപ്പോയി.)

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഞാനും എന്റെ പാർട്ടിയും ഒരു ചർച്ച അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഇറങ്ങിപ്പോക്ക് നടത്തുകയാണ്. ഇതുപോലെയുള്ള ഒരു പ്രശ്നം അടിയന്തിര പ്രമേയത്തിന്റെ പേരിൽ ചർച്ചചെയ്യുന്നത് ഗവൺമെന്റിന് ബുദ്ധിമുട്ടുണ്ടെങ്കിൽ ഇത് പ്രത്യേകം സമയമെടുത്ത് ചർച്ചചെയ്യാൻ ഒരവസരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉണ്ടാക്കേണ്ടതായിരുന്നു. ബാബറി മസ്ജിദ് സമ്മേളനം, ശ്രീമാൻ സുലൈമാൻ സേട്ടിന്റെ അദ്ധ്യക്ഷതയിൽ പാസ്സാക്കിയ പ്രമേയം രാജ്യദ്രോഹമാണെന്നു പറയുന്ന മുഖ്യമന്ത്രി അദ്ദേഹത്തിന് ആ പറയുന്നതിൽ എന്തെങ്കിലും ആത്മാർത്ഥത ഉണ്ടായിരുന്നുവെങ്കിൽ ഇത്തരം ഒരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്നതിനെ സംബന്ധിച്ചിടത്തോളം ഇവിടെ ഒരു ചർച്ചനടത്തി എല്ലാ പാർട്ടികൾക്കും അവരുടെ അഭിപ്രായങ്ങൾ പറയുന്നതിന് അവസരം കൊടുത്തിരുന്നുവെങ്കിൽ തീർച്ചയായും പ്രയോജനകരമായിരുന്നു. നിഷേധിക്കുക മാത്രമല്ല ഇത് രാജ്യദ്രോഹമാണെന്നു പറയുന്ന അതേ നാക്കുകൊണ്ടുതന്നെ അതിനെ ന്യായീകരിക്കുവാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ രണ്ടു പ്രസംഗത്തിലും കൂടുതൽ സമയം വിനിയോഗിച്ചത്. റിപ്പബ്ലിക് ദിനത്തെ ബഹിഷ്ക്കരിക്കുന്ന പലരും ഈ സഭയിലുണ്ട്, അല്ലെങ്കിൽ ഈ സമ്മേളനത്തിൽ ജനതാ പാർട്ടിയിലെ ഒരു എം.പി. പങ്കെടുത്തു എന്നൊക്കെ മുഖ്യമന്ത്രി പരാമർശിച്ചത് വാസ്തവത്തിൽ അതിന് ന്യായീകരണം നൽകുകയാണ്. ഒരു നാക്കുകൊണ്ട് ജനദ്രോഹപരമാണെന്നു പറയുക, അതേസമയം അതിനെ ന്യായീകരിക്കുന്നതിനുള്ള വാദഗതികളാണ് അദ്ദേഹം ഇവിടെ നിരത്തിവച്ചത്. 1947-ലെ സ്ഥിതിയാണോ 1986-ൽ ഇൻഡ്യയിലെ സ്ഥിതി? ഇന്ന് നമ്മുടെ രാജ്യം വർഗ്ഗീയ കലാപംകൊണ്ട്, വിഘടനശക്തികളുടെ സായുധ സമരങ്ങളും സംഘടനകളുംകൊണ്ട്, അങ്ങേയറ്റം പ്രക്ഷുബ്ധമായിരിക്കുന്ന ഈ സന്ദർഭത്തിൽ രാജ്യത്തിന്റെ ഏറ്റവും വലിയ ആപത്ത് വർഗ്ഗീയതയും വിഘടനശക്തികളുമാണെന്ന് പ്രധാനമന്ത്രിപോലും ആവർത്തിച്ച് പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ആ വർഗ്ഗീയ വിദ്വേഷത്തിന് തീകൊളുത്തുന്ന ഒരു പ്രമേയമാണ് ബാബറി മസ്ജിദ് സമ്മേളനം പാസ്സാക്കിയത്. ഇവിടെ ബഹുമാനപ്പെട്ട നഹാ സാഹിബ് തന്റെ

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടി , അതിൽ പങ്കെടുക്കുകയില്ലെന്ന് പറഞ്ഞത് സന്തോഷകരമായ കാര്യമാണ്. പക്ഷേ അതുകൊണ്ട് പ്രശ്നം തീരുമോ? ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗിന്റെ പ്രസിഡൻറ് പങ്കെടുത്ത് പാസ്സാക്കിയ പ്രമേയമനുസരിച്ച് ഇൻഡ്യയിലെ മുസ്ലീങ്ങളോട് ഇത് , ബഹിഷ്ക്കരിക്കണമെന്ന് ആഹ്വാനം ചെയ്തുകഴിഞ്ഞതിന്റെ പ്രതിഫലനം ഈ ഒരാഴ്ചക്കകം ഉണ്ടായിക്കഴിഞ്ഞു. ആ സംഭവത്തെ സംബന്ധിച്ച് രാമജന്മഭൂമിയുടെ പേരിൽ അവിടെ ക്ഷേത്രം തുടർന്ന് നടത്തുന്നതിനെ സംബന്ധിച്ചിടത്തോളം വാസ്തവത്തിൽ ഇൻഡ്യയിലെ മുസ്ലീങ്ങൾക്ക് ഉണ്ടായിട്ടുള്ള വികാരം എല്ലാവർക്കും മനസ്സിലാകുന്നതാണ്. അതിന് പരിഹാരം ഉണ്ടാക്കേണ്ട രീതിയല്ല, നേരെ മറിച്ച് ന്യൂനപക്ഷമായ മുസ്ലീങ്ങൾക്കെതിരായി ഭൂരിപക്ഷ വർഗ്ഗീയ വികാരങ്ങളെ ആളിക്കത്തിക്കുന്നതിനാണ് ശ്രമിക്കുന്നത്. ഈ ഒരാഴ്ചക്കകം പ്രസ്തുത അതിനെതിരായിട്ടുള്ള ശക്തിയായ വികാരം ഈ രാജ്യത്ത് ആളിപ്പടർന്നുകൊണ്ടിരിക്കുകയാണ്. ഈ സ്ഥിതിയിലാണ് മുന്നോട്ടുപോകുന്നതെങ്കിൽ അത് മുസ്ലീങ്ങളുടെ താൽപ്പര്യങ്ങൾക്കുതന്നെ എതിരാണ്. ആ പ്രശ്നത്തിന് പരിഹാരം കാണാൻ ന്യായമായ മാർഗ്ഗങ്ങൾ നോക്കാതെ ഇവിടെ ശ്രീ. നഹാ സാഹിബ് നിഷേധിച്ചതുകൊണ്ടുമാത്രം അത് മുസ്ലീംലീഗിന്റെ തീരുമാനത്തിന് ബാധകമല്ലാതാകുന്നില്ല. ഈ ഏഴു ദിവസമായിട്ടും മുഖ്യമന്ത്രി വിശ്വസിക്കാമെങ്കിൽ എന്ന് പറയുന്നെങ്കിൽ വിശ്വസിച്ചുകൊണ്ടുതന്നെ നിരവധി പ്രസ്താവനകൾ വിവിധ കേന്ദ്രങ്ങളിൽനിന്ന് വന്നുകഴിഞ്ഞു. എന്നിട്ടുപോലും അന്ന് അദ്ധ്യക്ഷം വഹിച്ച അഖിലേന്ത്യാ മുസ്ലീംലീഗിന്റെ പ്രസിഡൻറ് ഇന്നുവരെ അത് നിഷേധിച്ചിട്ടില്ല. തനിക്ക് അതിൽ പങ്കില്ല എന്ന് പറഞ്ഞിട്ടില്ല. അത് പറയാത്ത കാലത്തോളം കേരളത്തിലെ പ്രത്യേകിച്ചും മുസ്ലീങ്ങൾ തിങ്ങിപ്പാർക്കുന്ന കേരളത്തിൽ അതിന്റെ പ്രതികരണം ഉണ്ടാകുന്നത് ഹിന്ദു വർഗ്ഗീയതയെ ആളിക്കത്തിക്കുന്നതിന് സഹായകമായിരിക്കും. അത് ഇല്ലാതാക്കാൻവേണ്ടി സൗഹാർദ്ദവും സമാധാനപരവും സമചിത്തതയോടുംകൂടിയുള്ള ഒരു ചർച്ച ഈ സഭയിൽ ആവശ്യമാണ്. അതിന് അവസരമുണ്ടാകാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. പി. പ്രഭാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് ഇറങ്ങിപ്പോയി.)

ശ്രീ. എ. സി. ഷൺമുഖദാസ് : ഒരു അടിയന്തിര പ്രമേയം അവതരിപ്പിച്ചാൽ ഗവൺമെൻറിനുവേണ്ടി ആരെങ്കിലും മറുപടി പറയും, അതും കൂട്ടുത്തരവാദിത്വമുള്ളതുകൊണ്ടാണ്. എന്നാൽ ഇവിടെ കൂട്ടുനയം ഇല്ലാത്തതുകൊണ്ടും ഈ കാര്യത്തിൽ കൂട്ടുത്തരവാദിത്വമില്ലാത്തതുകൊണ്ടും മുഖ്യമന്ത്രിയും ഉപമുഖ്യമന്ത്രിയും മാറി മാറി അഭിപ്രായങ്ങൾ പറഞ്ഞു. കേരളത്തിൽ അതിന് പ്രസക്തിയുണ്ട്. ശ്രീ. സുലൈമാൻ സേട്ട് ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ പ്രസിഡൻറ് മാത്രമല്ല ഈ സഭാസ്ഥാനത്തിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട ഒരു പാർലമെൻറ് അംഗം കൂടിയാണ്. ഭരണകക്ഷിയുടെ പിന്തുണയോടുകൂടി പാർലമെൻറിൽ പോയ ആളാണ്. മുഖ്യമന്ത്രി പറഞ്ഞത് റിപ്പബ്ലിക് ദിനം ബഹിഷ്ക്കരിക്കുന്നവനെ പൗരത്വം പോലും നഷ്ടപ്പെടുമെന്നാണ്. റിപ്പബ്ലിക് ദിനം ബഹിഷ്ക്കരിക്കണമെന്ന് ബാബറി മസ്ജിദ് യോഗത്തിൽ പ്രമേയം അവതരിപ്പിച്ച് മധ്യസ്ഥ തീരുമാനത്തിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വം കൊടുത്ത ശ്രീമാൻ സുലൈമാൻ സേട്ടിന്റെ പൗരത്വം അവസാനിക്കുമെന്നാണ്. മുഖ്യമന്ത്രിയുടെ വാദമെങ്കിൽ ശ്രീമാൻ സുലൈമാൻ സേട്ടിന്റെ എം. പി. സ്ഥാനം നഷ്ടപ്പെടുത്തണ്ടേ? അദ്ദേഹം രാജിവച്ചുപോകണമെന്നു പറയാനുള്ള തന്റേടം മുഖ്യമന്ത്രി ശ്രീ. കരുണാകരനുണ്ടോ? ഇത് ഗൗരവമേറിയ പ്രശ്നമാണ്. ഈ സ.സ്ഥാനത്ത് ശ്രീമാൻ സുലൈമാൻ സേട്ടിന് വോട്ട് ചെയ്തിട്ടുള്ള ഇന്ദിരാ കോൺഗ്രസ്സുകാർ അദ്ദേഹത്തിന്റെ പ്രസ്താവനയിൽ അമർഷം കൊള്ളുന്നു, വേദനിക്കുന്നു, ദുഃഖിക്കുന്നു. ആ സുലൈമാൻ സേട്ടിനെതിരായി ഒരു അക്ഷരം പറയാൻ ശ്രീ. നഹാസാഹിബ് സന്നദ്ധനായില്ല. ബാബറി മസ്ജിദ് പ്രശ്നം 1949 മുതൽ നിലവിലുള്ള പ്രശ്നമാണ്. ആ പ്രശ്നത്തെ സംബന്ധിച്ച് കോടതിയിൽ കേസുണ്ടായിരുന്നു. ആ കേസിനെ സംബന്ധിച്ച് ഇതുവരെ കോടതി നടപടിയെടുത്തിട്ടില്ല. എന്തായാലും ഈ സംസ്ഥാനത്ത് മതേതരത്വത്തെയും സാമുദായിക ഐക്യത്തെയും തകർക്കുന്ന ഒന്നാണ് അത്. മുഖ്യമന്ത്രി പറഞ്ഞു, പത്രവാർത്തയേ എന്റെ മുമ്പിലുള്ളൂ എന്ന്. ഈ സംസ്ഥാനത്തെ ഒരു എം. പി. ഇത്രയും ഉത്തരവാദിത്വരഹിതമായി പെരുമാറിയത് അന്വേഷിച്ച് അറിയാനുള്ള സാമാന്യ മര്യാദപോലും ഈ ഗവൺമെന്റ് കാണിച്ചില്ല. സർ, ഇവിടെ ഇതിനെ കുറിച്ച് ഒരു ചർച്ച നടക്കേണ്ടതായിരുന്നു. നമ്മുടെ നാടിന്റെ സാമുദായിക ഐക്യത്തെ മാനിച്ച് ഈ ചർച്ച അനുവദിക്കേണ്ടതായിരുന്നു. അത് അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എ. സി. ഷൺമുഖദാസും അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി).

ശ്രീ. ബേബിജോൺ: സർ, ഈ ചർച്ച നടന്നിരുന്നുവെങ്കിൽ നന്നായിരുന്നുവെന്ന് ഞാൻ ആഗ്രഹിക്കുകയായിരുന്നു. ഈ സംസ്ഥാനത്തെയും രാജ്യത്തെയും ബാധിക്കുന്ന ഒരു പ്രശ്നത്തെ സംബന്ധിച്ച് പ്രതിപക്ഷ ഐക്യകക്ഷി വ്യത്യാസം കൂടാതെ ഒരു സമ്മേളനം പാസ്സാക്കിയ പ്രമേയം തെറ്റാണെന്ന് പറഞ്ഞ സാഹചര്യത്തിൽ നമ്മുടെ സഭയുടെ പൊതുവായ അഭിപ്രായം രേഖപ്പെടുത്തുന്നതിന് ഒരു ചർച്ച നടത്തേണ്ടിയിരുന്നത് ആവശ്യമായിരുന്നു എന്ന അഭിപ്രായക്കാരനാണ് ഞാൻ. നിർഭാഗ്യവശാൽ സഭാനേതാവിന്റെ പിടിവാശിമൂലം ആ ചർച്ച നടക്കാൻ അവസരമുണ്ടായില്ല. വളരെ ഗൗരവമേറിയ ഒരു കാര്യമല്ലേ ഇത്? നമ്മുടെ രാജ്യത്ത് മതമൗലികവാദികളും ശക്തിയാർജ്ജിക്കുന്നു. അത് ഹിന്ദു മതമൗലികവാദികളായാലും മുസ്ലീം മതമൗലികവാദികളും ആയാലും ക്രസ്ത്യൻ മതമൗലികവാദികളായാലും ശരി മതമൗലികവാദികളും ശക്തിയാർജ്ജിച്ചുകൊണ്ട് പലപ്പോഴും ഭരണാധികാരികളും അവരുടെ സമ്മർദ്ദത്തിന് വഴങ്ങി പ്രവർത്തിക്കുന്നതിന്റെ ഫലമായി ഈ രാജ്യം അപകടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിൽ ഇത് ചെറുതായിട്ട് കാണാൻ കഴിയുമോ? ഇത് ചെറുതായിട്ട് കാണുന്നത് ദേശസ്നേഹപരമല്ല എന്നാണ്, എനിക്ക് പറയുവാനുള്ളത്. ഇത് ഇതിന്റെ ഗൗരവത്തിൽ കാണാൻ കഴിയണമായിരുന്നു. ഇതിനെക്കുറിച്ച് ശ്രീ. നഹാസാഹിബ് പറഞ്ഞത് ഞാൻ മുഖവിലയ്ക്കെടുക്കുവാൻ തയ്യാറാണ്. പക്ഷെ ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ അഖിലേന്ത്യാ നേതാവ് ശ്രീ. ഇബ്രാഹിം സുലൈമാൻ സേട്ട്, ഇതുവരെ ഇതിനെതിരായി ഒരക്ഷരം പറഞ്ഞിട്ടില്ല. അതുകൂടി അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കണം. കേരളത്തിന്റെ എം. പി., ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ അഖിലേന്ത്യാ പ്രസിഡൻറ്, അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ നടന്നു എന്നു പറയുന്ന സമ്മേളനത്തെക്കുറിച്ച് വളരെയേറെ വാദപ്രതിവാദങ്ങൾ ഈ രാജ്യത്ത് നടന്നുകൊണ്ടിരിക്കുമ്പോൾ ഈ സഭയിൽ മുസ്ലീംലീഗിന്റെ നേതാവ് അത് നിഷേധിച്ചെങ്കിൽ അത് സ്വാഗതാർഹമാണ്. പക്ഷേ അദ്ദേഹത്തിന്റെ കക്ഷിയുടെ അഖിലേന്ത്യാ പ്രസിഡൻറ് ഈ നിമിഷംവരെ ഇതിനെതിരായി ഒരക്ഷരം പറഞ്ഞിട്ടില്ലെന്നതു തന്നെ അർത്ഥഗർഭമാണ് എന്നുള്ള വസ്തുത ഓർത്തിരിക്കേണ്ടതാണ്. അതുകൊണ്ട് നമ്മുടെ നാട്—സമുദായ സ്നേഹത്തിലും സമുദായ മൈത്രിയിലും സാഹോദര്യത്തിലും വളർന്നുവന്നിട്ടുള്ള ഈ നാട്—ഇന്ന് ഈ ഭരണകൂടം, ഭരണാധികാരികൾ വർഗ്ഗീയ കക്ഷികളുടെ സമ്മർദ്ദത്തിന് വഴങ്ങി, ദേശീയ രാഷ്ട്രീയത്തിൽ മുഴുകി ഈ നാട് കുട്ടിച്ചോറാക്കുകയാണ്. ആ ആപത്ത് പടർന്നുപിടിക്കാതിരിക്കാനാണ് ഇത് ചർച്ച ചെയ്യണമെന്ന് ഞാൻ പറഞ്ഞത്. അങ്ങനെ ഒരു ചർച്ച ഉണ്ടായിരുന്നുവെങ്കിൽ നമുക്ക് യോജിച്ച് ഒരഭിപ്രായത്തിലെത്താമായിരുന്നു. അതിന് അവസരം നിഷേധിച്ചത് ദേശസ്നേഹപരമല്ല എന്നുകൂടി പറഞ്ഞുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ബേബിജോണും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി.)

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഇത്രയും പ്രധാനപ്പെട്ട ഒരു വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് അത് ഈ സഭയിൽ പ്രകടിപ്പിക്കുന്നതിന് അവസരം നിഷേധിച്ച സർക്കാരിന്റെ നിലപാടിൽ വാസ്തവത്തിൽ ഞാൻ ഖേദം രേഖപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അദ്ദേഹം, ആദ്യം ചെയ്ത പ്രസംഗത്തിൽ എന്താണ് പറഞ്ഞത്? അല്ലെങ്കിൽ ഞാൻ ചോദിക്കട്ടെ, അദ്ദേഹം എന്താണ് പറയാഞ്ഞത്? മുസ്ലീംലീഗ് എന്നുള്ള വാക്ക് അദ്ദേഹം പറഞ്ഞിട്ടില്ല. സുലൈമാൻ സേട്ട് എന്നുള്ള നാമധേയം അദ്ദേഹം പറഞ്ഞില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ വാക്കും ആ പേരും പറയാൻ കിടുകിടാ വിറയ്ക്കുകയാണ് ആ സീറ്റിലിരുന്നുകൊണ്ട്. അദ്ദേഹം അതിനെപ്പറ്റി എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ, അദ്ദേഹത്തിന്റെ പിന്നാലെ ഈ കേരളകോൺഗ്രസ്സും മുസ്ലീം ലീഗും ഇല്ല എന്നുണ്ടെങ്കിൽ, ഒരു തിരഞ്ഞെടുപ്പ് വന്നാൽ അഞ്ച് സീറ്റ് അദ്ദേഹത്തിന് കിട്ടുമോ? അതുകൊണ്ട് വളരെയധികം ഭയപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്നത്തെ സമീപിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുസ്ലീംലീഗിനേയും, സുലൈമാൻ സേട്ടിനേയും പറയാതെ മനഃപൂർവ്വം കരുതിക്കൂട്ടി അലീബി കണ്ടുപിടിച്ചു. ആരാണ് സർ, ഈ അലീബി? ഷിഹാബുദീൻ ജനതാ പാർട്ടിക്കാരനാണ്. ആ അലീബി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കിട്ടുകയില്ലെന്ന് മാത്രമേ ഞാൻ ഉറപ്പിച്ചും തറപ്പിച്ചും പറയുന്നുള്ളൂ. സുലൈമാൻ സേട്ട് ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ അഖിലേന്ത്യാ പ്രസിഡൻറാണ്. ഷിഹാബുദീൻ ജനതാപാർട്ടിയുടെ ഒരു ഔദ്യോഗിക ഭാരവാഹിയുമല്ല. ഷിഹാബുദീൻ പറയുന്നത് ജനതാ പാർട്ടിക്ക് ബാധകമല്ല. ഷിഹാബുദീൻ ജനതാപാർട്ടിയെ പ്രതിനിധാനം ചെയ്തുകൊണ്ട് ആ സമ്മേളനത്തിൽ പങ്കെടുത്തതേയില്ല. അങ്ങനെയുള്ള ഷിഹാബുദീനെ കണ്ടുപിടിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എത്ര ലാഘവബുദ്ധിയോടുകൂടിയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഈ കാര്യത്തെ സമീപിച്ചത്. ഏത്രയെത്ര കക്ഷിരാഷ്ട്രീയത്തിന്റെ സങ്കുചിതത്വത്തിൽ നിന്നുകൊണ്ടാണ്. അദ്ദേഹം പ്രസംഗിച്ചതെന്ന് മനസ്സിലാക്കേണ്ടതാണ്. മതപരമായ കാര്യങ്ങളും രാഷ്ട്രീയത്തിൽ കൊണ്ടുവരുന്നത് തെറ്റാണ്. മതപരമായ കാര്യങ്ങളെ ആസ്പദമാക്കി ക്കൊണ്ട് രാഷ്ട്രീയ തീരുമാനങ്ങളെടുക്കുന്നത് തെറ്റാണ്. അതല്ലേ ഇന്ന് ഇൻഡ്യയിലെ സ സ്ഥാനങ്ങളിൽ ചെയ്യുവാനായി കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിക്കുന്നത്. ഇത് ഈ രാജ്യത്ത് വളരെയധികം പ്രത്യാഘാതങ്ങളും ഉണ്ടാക്കും. റിപ്പബ്ലിക് ദിനം ആരുംതന്നെ എതിർക്കാൻ പാടില്ല. റിപ്പബ്ലിക് ദിനം, സ്വാതന്ത്ര്യ ദിനം തുടങ്ങിയ ആഘോഷ പരിപാടികളിൽ എല്ലാവരും പങ്കെടുക്കേണ്ടതുണ്ട്. ആരുംതന്നെ എതിർക്കേണ്ടതില്ല. ജനതാപാർട്ടി എതിർക്കുന്നില്ല. ജനതാപാർട്ടി ഈ രാജ്യത്തെ സ്വാതന്ത്ര്യത്തിനേറെയും ജനാധിപത്യത്തിനേറെയും പ്രതീകമാണ്. ജനതാ പാർട്ടി 1977-ൽ ഇൻഡ്യയിൽ അധികാരത്തിൽ വന്നു. അതോർത്തുകൊണ്ടെങ്കിലും ജനതാപാർട്ടിയെ അനാവശ്യമായി തെറ്റ് പറയുവാൻ മുന്നോട്ടുവരുന്നത് തെറ്റാണ്; ദോഷകരമാണ് എന്നു പറഞ്ഞുകൊണ്ട് ഈ തീരുമാനത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി).

III. പ്രസ്താവന

സ്പീക്കറുടെ പ്രസ്താവന

മി. സ്പീക്കർ: ചെയർ ഒരു അഭ്യർത്ഥന നടത്തുകയാണ്. ഈ സഭാ സമ്മേളനം വളരെ സുഗമമായി നടത്തിക്കൊണ്ടു പോകണം. പല സെൻസിറ്റീവായിട്ടുള്ള പ്രശ്നങ്ങളും വരാം. അങ്ങനെ വരുമ്പോൾ ബന്ധപ്പെട്ട അംഗങ്ങൾക്കെല്ലാം അഭിപ്രായം പറയാൻ അവസരം നൽകണം. അത് ഒരു കാരണവശാലും പരിധിവിട്ടുപോയി സഭയുടെ അന്തസ്സിന് ക്ഷതമേൽപ്പിക്കാൻ ഇടയാവരുത്. പ്രത്യേകമായി ശ്രദ്ധിക്കണം. അതുകൊണ്ട് ഏത് പ്രശ്നമായാലും അത് പറയുമ്പോൾ അങ്ങേയറ്റത്തെ റസ്ട്രയിന്റ് പാലിക്കാൻ ബഹുമാനപ്പെട്ട അംഗങ്ങൾ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

IV. ശ്രദ്ധ ക്ഷണിക്കൽ

(1) ചെറുകിട കയർ ഉൽപ്പാദകർ പണി നിറുത്തി വച്ചിരിക്കുന്നതു മൂലം കയർത്തൊഴിലാളികളും അനുഭവിക്കുന്നതായ ബുദ്ധിമുട്ടുകളും

ശ്രീ. തോപ്പിൽ രവി: സർ, ചെറുകിട കയർ ഉൽപ്പാദകർ കഴിഞ്ഞ 15-ാം തീയതി മുതൽ പണി നിറുത്തിവെച്ചിരിക്കുന്നതു മൂലം കൊല്ലത്തും, പരിസര പ്രദേശങ്ങളിലുമുള്ള ആയിരക്കണക്കിനു കയർത്തൊഴിലാളികളും കൊടിയ ദാരിദ്ര്യത്തിലേയ്ക്ക് വലിച്ചെറിയപ്പെട്ടിരിക്കുന്ന പ്രത്യേക സാഹചര്യം ഞാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പെരിനാടും, കുണ്ടറയും, പരിസര പ്രദേശങ്ങളിലും ആരംഭിച്ച ഈ സമരം

LIBRARY ARCHIVES Kerala Legislative Assembly